കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മാതൃസ്കൂളിൽ സംരക്ഷണം നൽകുന്നത്-പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ.(എം.എസ്)നം. 192/10/പൊ.വി. തിരുവനന്തപുരം, തീയതി: 24/09/2010

---

പരാമർശം: (1) 04/12/2002-ലെ ജി.ഒ. (പി) നം.403/02/പൊ.വി.
(2) 14/06/2003-ലെ ജി.ഒ.(പി) നം. 226/03/പൊ.വി.

## ഉത്തരവ്

സ്റ്റാഫ് ഫിക്സേഷനിൽ തസ്തിക നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മാതൃസ്കൂളിൽ തന്നെ സംരക്ഷണം നൽകുന്നതിനുള്ള സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ, തസ്തിക നഷ്ടപ്പെടുന്ന അവസരത്തിൽ ബന്ധപ്പെട്ട അദ്ധ്യാപകരെ മറ്റ് സ്കൂളുകളിൽ പുനർവിന്യസിക്കുന്നത് ഒഴിവാക്കി മാതൃസ്കൂളിൽ തസ്തിക ഇല്ലാതെ തന്നെ സംരക്ഷണം നൽകി നിലനിർത്തുന്നതിന് വേണ്ടിയുള്ള പ്രത്യേക സംരക്ഷണ വ്യവസ്ഥയാണ്. സൂചന (1) ഉത്തരവിന്റെ ഖണ്ഡിക 2(iv)-ലെ മാനദണ്ഡങ്ങൾ തസ്തിക നഷ്ടപ്പെട്ട് അദ്ധ്യാപകർ പുറത്താകുന്ന ദിവസത്തെ സ്ഥിതിയിൽ ബാധകമാക്കി അവരെ മാതൃസ്കൂളിൽ തുടരാൻ അനുവദിക്കാനാണ് അനുശാസിക്കുന്നത്. എന്നാൽ സംരക്ഷണം നൽകി പുനർവിന്യസിച്ചിട്ടുള്ള അദ്ധ്യാപകരെ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള യോഗ്യത ആർജ്ജിക്കുന്ന മുറയ്ക്ക് മാതൃസ്കൂളിൽ തസ്തികയില്ലാതെ തിരികെ വിളിച്ച് സംരക്ഷണം നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ജി.ഒ.(പി) നം. 178/02/പൊ.വി., ജി.ഒ.(പി) 46/06/പൊ.വി., ജി.ഒ.(പി) 132/09/പൊ.വി. എന്നീ ഉത്തരവുകൾ പ്രകാരം പുനർവിന്യസിക്കപ്പെട്ടവരെ സൂചനയിലെ ഉത്തരവുകളിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്ത് തിരികെ വിളിക്കുന്നത്, ഇല്ലാത്ത തസ്തികകളിൽ അവരെ നിലനിർത്തുന്നതിനും ജോലി ചെയ്യാതെ ശമ്പളം നൽകുന്നതിനും അതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനും ഇടയാകും. അതിനാൽ സംരക്ഷണാനുകൂല്യം നൽകി പുനർവിന്യസിക്കപ്പെട്ടവരെ 4/12/2002-ലെ ജി.ഒ.(പി) നം 403/02/പൊ.വി., 14/06/2003-ലെ ജി.ഒ.(പി) നം. 226/03/പൊ.വി. എന്നീ ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ

തിരികെ വിളിച്ച് തസ്തികയില്ലാതെ മാതൃസ്കൂളിൽ നിലനിർത്തുവാൻ പാടില്ലെന്ന് ഇതിനാൽ ഉത്തരവാകുന്നു. എന്നാൽ അദ്ധ്യാപകരെ പുനർവിന്യസിക്കുമ്പോൾ സ്ഥലമാറ്റം സംബന്ധിച്ച് റൂൾ 10(3) അദ്ധ്യായം XIV A, കെ.ഇ.ആർ-ലെ നിബന്ധന ഇവർക്കും ബാധകമായിരിക്കും.

2. മേൽ നിർദ്ദേശം കർശനമായി പാലിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതും, ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ജെയിംസ് വർഗ്ഗീസ്**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
→ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ ഓഫീസർമാർക്കും
ഡയറക്ടർ, IT@school(വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(മാദ്ധ്യമ പ്രചാരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ